(എഫ്) ലോക ബാങ്ക് നിശ്ചയിച്ചിട്ടുള്ള ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റിലെ വ്യവസ്ഥകൾക്കനുസരണമായിട്ടാണ് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുള്ളത്.

1.	M/s. Louis Berger International Inc.	–	15.3 കോടി രൂപ
2.	M/s. WSA	–	3.28 ,,
3.	M/s. BECA	–	3.35 ,,
4.	M/s. BCEOM	–	15.76 ,,
5.	M/s. Vic Roads	–	6.67 ,,
6.	M/s. SMEC	–	9.96 ,,

(ജി) ഉണ്ട്. കരാർ താഴെ പറയുന്നു:

1. M/s. Louis Berger International Inc. – Project Co-ordinating Consultant
2. M/s. RITES, BECA, WSAJV – Phase-I Upgradation, Supervising Consultancy
3. M/s. BCEOM - Phase - II Upgradation
4. M/s. Vic ROADS – Road Safety Action Plan
5. M/s. WSA – Geographical information System
6. M/s. WSA – Road Maintenance Management System
7. M/s. SMEC – Institutional Strengthening Action Plan.

ദേശീയപാതകൾ നാലുവരിപ്പാതയാക്കുന്നത് സംബന്ധിച്ച്

44 [625] *ശ്രീ. ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ്കുമാർ :*

,, *ടി. എം. ജേക്കബ്:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ദേശീയ പാതകളിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന എത്ര ബൈപ്പാസുകളുടെ പണി തീരാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഹൈവേകളിലാണ് ഇപ്പോൾ നാലുവരിപ്പാതയുള്ളത്;

(സി) സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 47-ന്റെ മുഴുവൻ ദൂരവും നാലുവരിപ്പാതയാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയപാതകളിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന / ബൈപ്പാസുകളുടെ പണി പുരോഗമിച്ചുവരുന്നു.

(ബി) എൻ.എച്ച്. 47-ൽ ചേർത്തല മുതൽ അങ്കമാലി വരെയുള്ള ഭാഗം നാലു വരിപ്പാതയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എൻ.എച്ച്. 47-ൽ അങ്കമാലി മുതൽ വാളയാർ വരെയുള്ള ഭാഗം നാലുവരിയാക്കുന്നതിന് എൻ.എച്ച്.എ.ഐ. നടപടി സ്വീകരിച്ചു വരുന്നു. ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാത നിർമ്മാണത്തിനുള്ള സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാതയുടെ ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള നിർമ്മാണം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള ഭാഗം എൻ.എച്ച്.ഡി.പി. മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി NHAI-യെ നിർമ്മാണ പ്രവർത്തികൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

റോഡ് വികസനങ്ങൾക്കും മറ്റുമായി എടുത്ത ലോണുകൾ

45 [626] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റോഡു വികസനങ്ങൾക്കും മറ്റുമായി ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്രയൊക്കെ തുകകൾ ലോണായി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും ലോണുകൾ തിരിച്ചടച്ചു തുടങ്ങിയിട്ടുണ്ടോ;

(സി) എടുത്ത ഓരോ ലോണും എപ്പോഴൊക്കെയാണ് തിരിച്ചടച്ചു തുടങ്ങുന്നത് എന്നും എന്തൊക്കെയാണ് തിരിച്ചടവ് വ്യവസ്ഥ എന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly